# മയിൽപീലി

**ഡിജിറ്റൽ മാഗസിൻ 2018-19**



## ജി.എച്ച്.എസ്.നീലാഞ്ചേരി

**ലിറ്റിൽ കൈറ്റ്സ് & വിദ്യാരംഗം**

# മയിൽപീലി

ജി എച്ച് എസ് നീലാഞ്ചേരി

# പിന്നണിയിൽ

ചീഫ് എഡിറ്റർ. ഷേർളി ജോർജ്ജ്( എച്ച്. എം)

സ്റ്റാഫ് എഡിറ്റർ. നിശാന്ത് .പി

ക്രിയേറ്റീവ് എഡിറ്റർ. അബ്ദുൽ ലത്തീഫ്. എം

കഥകളുടെ തിരഞ്ഞെടുപ്. വിദ്യാരംഗം കലാസാഹിത്യ സമിതി

ഡിജിറ്റലൈസേഷൻ. ലിറ്റിൽ കൈറ്റ്സ്

# ആമുഖക്കുറിപ്പ്

ഇത് ഒരു എളിയ ശ്രമമാണ് . ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കേണ്ടതുണ്ട് . ഡിജിറ്റൽ മഗസിനെ കുറിച്ച് ആലോചിച്ചപ്പോൾ എൽപി വിദ്യാർത്ഥികൾ തയ്യാറാക്കിയ മയിൽപീലി എന്ന കയ്യെഴുത്ത് മാഗസിൻ ഡിജിറ്റലൈസ് ചെയ്യുക എന്ന ആശയമാണ് മുന്നോട്ടുവന്നത്. അതിൻറെ അതിൻറെ വെളിച്ചത്തിലാണ് ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കിയിരിക്കുന്നത് കുട്ടികളുടെ ആദ്യ ശ്രമമെന്ന നിലയിൽ ധാരാളം പോരായ്മകൾ കണ്ടേക്കാം നിങ്ങളുടെ പിന്തുണയും അഭിപ്രായങ്ങളുമാണ് ഞങ്ങൾക്ക് ആവശ്യം വരും മാഗസിനുകൾ മികവുറ്റതാക്കാൻ നിങ്ങളുടെ നിർദേശങ്ങൾക്കേ കഴിയൂ എന്ന് ഞങ്ങൾ ഉറച്ച വിശ്വസിക്കുന്നു ഞങ്ങളുടെ എളിയ ശ്രമത്തെ സ്വീകരിച്ചാലും.

അബ്ദുൽ ലത്തീഫ്. എം
കൈറ്റ് മാസ്റ്റർ

## ആശംസ

ജിഎച്ച്എസ് നീലാഞ്ചേരി യുടെ എൽപി വിഭാഗം കുട്ടികളുടെ മനോഹരങ്ങളായ രചനകൾ ഉൾക്കൊള്ളുന്ന മയിൽപീലി എന്ന കയ്യെഴുത്ത് മാസിക സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബ് കുട്ടികളുടെ സഹകരണത്തോടെ ഡിജിറ്റൽ മാഗസിനായി പുറത്തിറക്കുന്നതിൽ സന്തോഷമുണ്ട് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എൻറെ പ്രിയപ്പെട്ട കുഞ്ഞ് മക്കൾക്കും സഹപ്രവർത്തകർക്കും എൻറെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

പ്രധാനാധ്യാപിക
ജിഎച്ച്എസ് നീലാഞ്ചേരി

# ആശംസ

കുട്ടികളുടെ രചനാപരമായ ശേഷികളെ പ്രദർശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മയിൽപീലി പ്രസിദ്ധീകരിക്കുന്നത് വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളിലുള്ള ലഭിക്കുന്ന മികച്ച സൃഷ്ടികളാണ് മയിൽപീലിയിൽ ചേർത്തിട്ടുള്ളത്  വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളിലൂടെ  ലഭിക്കുന്ന മികച്ച സൃഷ്ടികളാണ് മയിൽപ്പീലിയിൽ ചേർത്തിട്ടുള്ളത്  ഇപ്പോൾ ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികൾ മയിൽപീലി ഡിജിറ്റലായി പുറത്തിറക്കുകയാണ്  ജിഎച്ച്എസ് നീലാഞ്ചേരി യുടെ നിലക്കാത്ത ശബ്ദമായി പ്രവചിക്കുവാൻ നമ്മുടെ മയിൽപ്പീലി സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

നിശാന്ത് പി
വിദ്യാരംഗം കലാസാഹിത്യവേദി കൺവീനർ

# ആശംസ

മയിൽപീലിക്ക് ഹൃദയംനിറഞ്ഞ ആശംസകൾ വരും ലക്കങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളുടെയും സർഗ്ഗവൈഭവം ഉൾക്കൊള്ളാനുള്ള രൂപത്തിൽ മയിൽപീലി വളരട്ടെ എന്ന് ആശംസിക്കുന്നു.

സ്റ്റാഫ് സെക്രട്ടറി

# മുത്തശ്ശിയുടെ പട്ടിക്കുട്ടി



പണ്ട് ഒരു നഗരത്തിൽ ഒരു വീടുണ്ടായിരുന്നു. ആ വിട്ടിൽ മുത്തശ്ശിയും ബന്ധുക്കളുമായിരുന്നു. മുത്തശ്ശിക്ക് ഒരു പട്ടിക്കുട്ടിയുണ്ടയിരുന്നു. അതിനെ സ്നേഹിച്ചും ലാളിച്ചും മുത്തശ്ശി വളർത്തി. ഒരു ദിവസം മുത്തശ്ശിയുടെ വീട്ടീലേക്ക് കുറെ അതിഥികൾവന്നു. അവരെ സൽക്കരിക്കന്നതിനിടയിൽ പട്ടിക്കുട്ടിഭക്ഷണത്തിലേക്ക് ചാടി എല്ലാസധനങ്ങും നിലത്ത്ചാടി പാത്രങ്ങൾ പൊട്ടി. അന്നുമുതൽ

മത്തശ്ശിക്ക് നായക്കുട്ടിയെ ഇഷ്ടമില്ലായിരുന്നു. അതിനെ അടിച്ചു ചിത്തപറഞ്ഞും. മുത്തശ്ശിക്ക് അതിനെ വെറുത്തു.

മുത്തശ്ശിക്ക് കുറെ സ്വത്തുണ്ടായിരുന്നു. ആ സ്വത്തിനെ ആഗ്രഹിച്ചായിരുന്നു മുത്തശ്ശിയുടെ ബന്ധുക്കൾ അവിടെ താമസിച്ചിരുന്നത്. ഒരു ദിവസം ആ സ്വത്ത് മുത്തശ്ശി അവരുടെ പേരിൽ എഴുതാൻ തീരുമാനിച്ചു. എല്ലാവർവർക്കും പകുതി വെച്ച് കൊടുത്തു.
കൊടുത്ത ദിവസം തന്നെ എല്ലാരും അവരുടെ സ്വന്തം വീടുകളിലേക്ക് പോയി.
അപ്പോൾ മുത്തശ്ശിക്ക് മനസ്സിലായി സ്വത്തിനു വേണ്ടിയായിരുന്നു എല്ലവരും എന്നെ സ്നേഹിച്ചിരുന്നത്. പക്ഷേ അവിടെ മുത്തശ്ശിയോടപ്പം ഒരാൾ മാത്ര മാണ് ഉണ്ടയിരുന്നത്ത്. മുത്തശ്ശിയുടെ പട്ടിക്കുട്ടി അപ്പോൾ ഒരു സത്യം മനസ്സിലായി. അവരെയൊക്കെ തീറ്റി പോറ്റിയതിനു പകരം ഒരും പട്ടിയെ വളർത്തിയാൽ അത് നമ്മെ ഒരിക്കലും പിരിയില്ല എന്ന്. മുത്തശ്ശിക്ക് മനസ്സിലായി.

ശിവാനി.വി.പി
7-C

# മാനത്ത്.....

മഴ ചോരുന്നൊരു നേരത്ത്
മഴ വില്ലഴകിൻനേരത്ത്
മുകിലുകളെല്ലാം കാറ്റത്ത്
മായുന്നുണ്ടെ ദൂരത്ത്
പൂവെയിൽ മതിലിനെ
പോലെമാനത്ത്
ആകാശത്തൊ കളർ മാല
ആകാശത്തൊരു പൂവട്ടം
ആകാശത്തൊരു മണി മാല

ഫാത്തിമ ഹിന-പി

# മഞ്ഞ പൂക്കൾ



മഞ്ഞ പൂക്കളിൽ പുഞ്ചിരി
തൂകി
മത്തൻ വള്ളി ചരിക്കുന്നു.
പൊൻ കുറിയിട്ട് പുഞ്ചിരി തൂകി
വെള്ളരി വള്ളി ചിരിക്കുന്നു.
വെണ്ടപ്പൂവിൻ തേൻ നുകരാനായി
വണ്ടുകൾ പറിനടക്കുന്നു.
കുന്നിൻ മുകളിലെ കോമ്പിൽ
കുമ്പളവള്ളി പടരുന്നു.

യദുനന്ദൻ -പി



# എനിക്ക് ഇഷ്ടപ്പെട്ട പക്ഷികൾ

## കാക്ക

അത് ഒരു കാക്കയാണ്. ഇതിന്റെ നിറം കറുപ്പ് ആണ്. അതിന്റെ ഭക്ഷണം ചീഞ്ഞ അവശിഷ്ടങ്ങളും.



നമ്മൾ വലിച്ച് എറിയുന്ന ഭക്ഷണസാധനങ്ങളുമാണ്. ഈ പക്ഷി തിന്നുന്നത്. ഈ പക്ഷിയുടെ ശബ്ദം. കാ.... കാ...കാ... എന്നാണ്. ഈ പക്ഷിയെ കൂട് ചുള്ളികമ്പുകൾ കൊണ്ടാണ് കാക്കയുടെ കൂട് കാക്കയുടെ ചുണ്ടും കാലും ചെറുതാണ്.

## മയിൽ



അത് ഒരു മയിലാണ് ഇതിന്റെ നിറം നീലയും പച്ചയും ആണ് ഈ പക്ഷി ഇഴ ജന്തുക്കളെ തിന്നും. ഈ പക്ഷി മരക്കൊമ്പിലാണ് ഇതിന്റെ കൂട്. മയിലിന്റെ ശബ്ദം കീയോ.....കീയോ... എന്നാണ്.

## തത്ത



അത് ഒരു തത്തയാണ് അതിന്റെ

ശരീരം പച്ചയും ചുവപ്പും ആണ്
അത് മനുഷ്യരെ പോലെ
സംസാരിക്കും. ഭക്ഷണം
നെൽകതിരുകളാണ്
തത്തയുടെ കൂട് തെങ്ങിന്റെ
പൊത്തിൽ ആണ്. അത്
കരയുന്നത്
കീ....കീ... കീ.... എന്നാണ്.

## പ്രാവ്

## പരുന്ത്





അത് ഒരു പ്രാവാണ് അതിന്റെ
നിറം ഇരുണ്ട നിറമാണ്.
അതിന്റെ
ശബ്ദം ർ...... ർ.....ർ.... എന്നാണ്.
അത് തിന്നുന്നത്
അരിമണിയാണ്.
കെട്ടിടങ്ങളുടെ മുകളിൽ അണ്
കൂടുണ്ടാക്കി താമസിക്കുന്നത്.

ഒരു പരുന്തിന്റെ ആയുസ് 70
വയസ്സാണ് . 40 വയസ്സ് അയാൽ
ഇരപിടികാൻകഴിയാതെ ആവും.
ഒരു പാട്ദൂരെനിന്ന്
ഇരയെ കാണാനുള്ള കഴിവുള്ള
കണ്ണു
കളാണുള്ളത് കൂർത്ത്
നീണ്ട നഖങ്ങൾ ഭാരമുള്ള ഇരയെ

പിടികാൻ കഴിയും

# ചെമ്പോത്ത്



എന്റെ വിട്ടുപരിസരത്ത് ദിവസവും ധാരളം പക്ഷികൾ വരാണ്ട്. ഇടയ്ക്കിടെയ്ക്ക് വന്നെത്തുന്ന പക്ഷികളിൽ ഒന്നാണ് ചെമ്പോത്ത് കറുത്തശരീരവും തവിട്ട്നിറത്തിലുള്ള ചിറകുകളും ചുവന്ന കണ്ണുകളുമാണ് ഈ പക്ഷിയെ കണ്ടാൽ കാക്കയേക്കൾ അൽപ്പം വലിപ്പം കൂടുതൽ തോന്നു ഉപ്പൻ എന്നും ഈപക്ഷിയെ വിളിക്കാറുണ്ട്. പലപ്പോഴും ജോഡികളായാണ് ഈ പക്ഷിയെ കണറുള്ളത് . ഇരപിടിക്കാൻ ഈ പക്ഷി മിടുക്കനാണ് . എലി പാമ്പ് തുടങ്ങിയവയൊക്ക ചെമ്പോത്ത് ആഹാരത്തിൻ ആയി ഉപോഗിക്കുന്നു. കൂട്ടിൽ മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിക്കുന്നു. ചെമ്പോത്തിനെ കാണാൻ നല്ല ഭംഗിയുണ്ടെങ്കിലും അതിന്റെ ശബ്ദം അത്ര സുന്ദരമല്ല.

**ഹനഫാത്തിമ-T.P**



# രണ്ടു കുയിലുകൾ



പണ്ട് പണ്ട് ഒരു കാട്ടിൽ രണ്ടു കുയിലുകൾ ഉണ്ടായിരുന്നു.ഇവർ ഒറ്റ ഇണകളായിരുന്നു അതിനാൽ തന്നെ ഇവരിലെ പെൺ കുയിലിന് മുട്ടയിടാൻ സമയമായിരുന്നു. പൊതുവെ കുയിലുകൾ മുട്ടയിടുന്നത് കാക്കകൾ ഉണ്ടാക്കുന്ന കൂട്ടിലാണ് .ഇവരും അത് തെറ്റിച്ചില്ല രാവിലെ കാക്കകൾ പുറത്തേക്ക് പോയ തക്കം നോക്കി ഇവർ രണ്ടു പേരും കാക്കകളുടെ കൂട്ടിനു നേരെ പറന്നു. ആൺ കുയിൽ കാക്കകൾ വരുന്നുണ്ടോ എന്ന് നോക്കി നിന്നപ്പോൾ പെൺ കുയിൽ കൂട്ടിൽ മുട്ടയിടുകയും ചെയ്തു.ദിവസങ്ങൾ കഴിഞ്ഞുപോയി മുട്ടകൾ വിരിയാനായി ദിവസങ്ങൾ പോകുന്തോറും കുയിലുകൾക്ക് പേടിയായിത്തുടങ്ങി കാരണം മുട്ടകൾ വിരിഞ്ഞാൽ തങ്ങളുടെ കുഞ്ഞുങ്ങളെ അവർ ദ്രോഹിക്കുമോ എന്നെല്ലാം അവർ ചിന്തിച്ചു.അങ്ങനെ മുട്ടകൾ വിരിഞ്ഞു കുയിലുകളുടെ കുഞ്ഞിനെ കൊണ്ടുപോകാൻ അവർ വന്നു.പക്ഷെ ആൺ കാക്ക അവരെ കുഞ്ഞിനെ കാണാൻ പോലും സമ്മതിച്ചില്ല .കുയിലുകൾ കാക്കകളോട് കരഞ്ഞു കൊണ്ട് പറഞ്ഞു നിങ്ങൾ അറിയാതെ ഞങ്ങൾ ഈ കൂട്ടിൽ മുട്ടകൾ ഇട്ടിരുന്നു അപ്പോൾ കാക്കകൾ പറഞ്ഞു നിങ്ങൾ ഞങ്ങൾ പറ്റിച്ചല്ലേ,,.അതിനാൽ നിങ്ങളുടെ കുഞ്ഞിനെ ഞങ്ങൾ ഇപ്പോൾ വിട്ടുതരില്ല പകരം അവൻ വലുതായി തിരുമാനിക്കട്ടെ ആരുടെ കൂടെ ജീവിക്കണമെന്ന്. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞിപ്പോയി കുട്ടികൾ വലുതായി അപ്പോഴേക്കും കാക്കക്കുഞ്ഞുങ്ങൾ കുയിൽ കുഞ്ഞിനെ അവരുടെ കൂട്ടത്തിൽ നിന്ന് മാറ്റിനിർത്തിയിരുന്നു.അവന്റെ ദേഹത്ത് വെള്ള നിറത്തിലുള്ള കുത്തുകൾ വന്നിരുന്നു അതിനാൽ അവൻ കാക്കക്കുഞ്ഞുങ്ങളു ടെ സഹോദരനല്ല എന്ന് പറഞ്ഞ് അവർ അവനെ കളിയാക്കുമായിരുന്നു.പക്ഷെ കാക്കകൾക്ക് അവൻ അവരുടെ മകനായിരുന്നു.ഒരു ദിവസം കുയിൽ കുഞ്ഞ് കാക്കകളോട് ചോദിച്ചു ഞാൻ നിങ്ങളുടെ മകനല്ലെ അല്ലെങ്കിൽ എന്റെ മാതാപി-താക്കൾ ആരാണ് .കാക്കൾ അതിന് ശരിയായ മറുപടിയും കൊടുത്തു എല്ലാം കേട്ട ശേഷം അവന്റെ യതാർത്ഥ മാതാപിതാക്കളുടെ അടുത്തെക്ക് അവൻ പോയി..

അക്ഷയ് ദാസ് .കെ 9 B.

ജി എച്ച് എസ് നീലാഞ്ചേരി

# കിങ്ങിണി പൂച്ചകൾ

പണ്ട് പണ്ട് ഒരു കാട്ടിൽ മൂന്നു പൂച്ചകൾ താമസിച്ചിരുന്നു. തൊട്ടടുത്ത് ഒരു വീടും ഉണ്ടായിരുന്നു.ഒരു ദിവസം രാവിലെ ആ വീട്ടിൽ അമ്മ അപ്പം ചുടുകയായിരുന്നു

പെട്ടന്ന് അമ്മ റൂമിലേയ്ക്ക് പോയി . ആ തക്കം നോക്കി മൂന്നു പൂച്ചകളിൽ ഒരു പൂച്ച പറഞ്ഞു നമ്മള്ളിൽ ആരെങ്കിലും ആ വീട്ടിലെ അപ്പം എടുക്കണം.അതിൽ ഒരു പൂച്ച പറഞ്ഞു ഞാൻ പോവാം ആ പൂച്ച പോയി അപ്പം എടുത്തുക്കൊണ്ടു വന്നു. അവർ മൂന്നു പേരും മരച്ചുവട്ടിൽ ഇരുന്നു.അപ്പത്തിനുവേണ്ടി തർക്കം കൂടി. ഒരു പൂച്ച പറഞ്ഞു എനിക്ക് മുഴുവൻ വേണം മറ്റൊരു പൂച്ച പറഞ്ഞു എനിക്കും വേണം

മുഴുവൻ പറഞ്ഞു പറഞ്ഞു മൂന്നു പേർക്കും വേണമെന്നായി അപ്പോൾ മരത്തിൽ നിന്ന് ചാടി വന്ന കുരങ്ങൻ പറഞ്ഞു എന്താണ് ഇവിടെ പ്രശ്നം! ഞാൻ പരിഹരിക്കാം . അങ്ങനെ കുരങ്ങൻ കണ്ട പരിഹാരരം ഒരു കടി ഒരാൾക്ക് മറ്റൊരുക്കടി ഒരാൾക്ക് എന്നു പറഞ്ഞ് ആ അപ്പം മുഴുവൻ തിന്നു തീർത്തു പാവം മൂന്നു പൂച്ചകളെയും കുരങ്ങൻ പറ്റിച്ചു ഓടിപ്പോയി.....



ലിയഫാത്തിമ 4 സി



## മുയലും കുറുക്കനും

പണ്ട് പണ്ട് ഒരു കാട്ടിൽ മുയലും
കുറുക്കനും ഉണ്ടായിരുന്നു.
കുറുക്കൻ മണ്ടനും മുയൽ
ബുദ്ധിമാനുമായിരുന്ന . ഒരു ദിവസം
മുയൽ കാട്ടിലൂടെ
കളിച്ചുനടക്കുകയായിരുന്നു അപ്പോൾ
കുറ്റിക്കാട്ടിൽ നിന്ന് ഒരു ഭീകരമായ
ശബ്ദം
മുയൽ പേടിച്ചുപ്പോയി. പിന്നീടാണ്
അവന് മനസ്സിലായത് ആ
ശബ്ദത്തിന്റെ ഉടമ
മറ്റാരുമായിരുന്നില്ല അത് അവന്റെ
പ്രിയപ്പെട്ട കൂട്ടുകാരനായിരുന്നു. വെറുതെ
ഒന്നു പേടിപ്പിച്ചതായിരുന്നു

. അപ്പോയ്ക്കും മുയൽ പേടിച്ചു വിറച്ച്
കുറെ ദൂരം ഓടിയോടി തളർന്നിരുന്നു. ആ
സമയത്ത് അവൻ ദാഹിച്ച്
വലഞ്ഞിരുന്നു. അപ്പോൾ അവൻ
ഒരു കാട്ടുരുവി കണ്ടു. അതിലെ വെള്ളം
കുടിച്ച് അവൻ ദാഹം ശമിപ്പിച്ചു.
പിന്നീട് അവൻ തിരിഞ്ഞ്
നോക്കിയപ്പോൾ ദുഷ്ട്ടനായ കുറുക്കച്ചൻ
കുറുക്കനെ കണ്ട് പേടിച്ച മുയൽ ഓടി
ഓടി എത്തിയത് നല്ല ആഴമുള്ള
കിണറിന്റെ മുന്നിലായിരുന്നു. മുയൽ
അതിന്റെ കയറിൽ തൂങ്ങി താഴേയ്ക്ക്
ഇറങ്ങി. അതുകണ്ട കുറുക്കനോട് മുയൽ
കിണറിന്റെ തോട്ടിയിൽ കയറി
താഴേയ്ക്ക് ഇറങ്ങാൻ പറഞ്ഞു. മണ്ടൻ
കുറുക്കൻ അതുകേട്ട് കിണറ്റിലേക്ക്
ഇറങ്ങി കുറുക്കന്റെ ഭാരം കൊണ്ട് മുയൽ
മുകളിലേക്ക് ഉയർന്നു മണ്ടൻ കുറുക്കൻ
താഴേയ്ക്കും പോയി. കുറുക്കൻ
വെള്ളത്തിൽ കിടന്ന് മരിച്ചു മുയൽ
ചാടിയിറങ്ങി
രക്ഷപ്പെട്ടു............

-അക്ഷയ് കൃഷ്ണ 4 A

# മണ്ടനായ ആട്

പണ്ട് പണ്ട് ഒരു വലിയ കാട്ടിൽ ബുദ്ധിമാനായ പൂച്ചയും മണ്ടനായ ആടും ജീവിച്ചിരുന്നു. ഒരു ദിവസം ആ പൂച്ച കാട്ടിലൂടെ നടന്ന് പോകുകയായിരുന്ന പെട്ടന്ന് ആ പൂച്ച ഒരു കിണറ്റിലേക്ക് വീണു. പരിഭ്രാന്തനായ ആ ആട് രക്ഷപെടാൻ വേണ്ടി പല ശ്രമങ്ങൾ നടത്തിയെങ്കിലും അതെല്ലാം പരാജയപെടുകയാണ് ചെയ്തത്. അപ്പോഴാണ് മണ്ടനായ ആ ആട് അതുവഴി വന്നത്. കിണറ്റിൽ വീണുകിടിടക്കുന്ന ആടിനെക്കണ്ടു. പൂച്ചചോദിച്ചു നീയെന്താ കിണറ്റിൽ ഇറങ്ങിയിരിക്കുന്നത്. ബുദ്ദിമാനായ ആ ആട് സ്വയ രക്ഷക്ക് വേണ്ടി പറഞ്ഞു " ഈ കിണറ്റിലെ വെള്ളത്തിന് നല്ല മധുരമാണ്. വേണമെങ്കിൽ ഒരു കയറ് ഇട്ട് ഇറങ്ങിവാ'' ഇത് വിശ്വസിച്ച പൂച്ച കിണറ്റിലേക്ക് ഇറങ്ങി വരാൻതുടങ്ങി. പൂച്ചയോട് മുൻ ശത്രുതയുള്ള ആട് തന്നെ രക്ഷിക്കുകയില്ല എന്ന് മനസിലാക്കിയതുകോണ്ടാണ് ഇങ്ങനെയോരു വിദ്യപ്രയോഗിച്ചത്. ഇത് മനസ്സിലാക്കാത്ത ആട് കിണറ്റിലേക്ക് ഇറങ്ങി വന്നപ്പോഴാണ് താൻ ചതിയിൽപ്പെട്ടകാര്യം മനസ്സിലായത്. ആട് ഇറങ്ങിവന്ന കയറ് ഉപയോഗിച്ച് രക്ഷപ്പെട്ടപൂച്ച ആടിനെ കളിയാക്കി.

രഞ്ജിത്ത്. വി
IX-B

## അമ്മയും കുഞ്ഞും

പണ്ട് പണ്ട് ഒരിടത്ത് ഒരു
അമ്മയും കുഞ്ഞും
താമസിച്ചിരുന്നു. അപ്പോൾ ഒരു
ദിവസം അവർ ഭക്ഷണം
കഴിക്കുന്ന സമയത്ത് ദൂരെനിന്ന്
ഒരു പൂച്ച ഓടിവന്ന് എനിക്ക്
അൽപം ഭക്ഷണം തരുമോ
എന്ന് ചോദിച്ചു. അപ്പോൾ കുഞ്ഞ്
പൂച്ചയോട് ചോദിച്ചു നിന്റെ വീട്
എവിടാണ് എന്ന്. പൂച്ച പറഞ്ഞു
അവിടെ ആ കാട്ടിലാണ് എന്ന്.
ശേഷം ആ പൂച്ചയും കുഞ്ഞും
കൂട്ടുകാരായി. എന്നിട്ട് ആ
കുഞ്ഞ് തന്റെ അമ്മയോട്
പൂച്ചക്ക് ചോറും മീനും നൽകാൻ
പറഞ്ഞു. അമ്മ നൽകിയ
ചോറും മീനും പൂച്ച
ആർത്തിയോടെ കഴിച്ചു .
പിന്നെ പിന്നെ പൂച്ച എല്ലാ ദിവസവും
വരാൻ തുടങ്ങി. പിന്നെ പൂച്ച
തന്റെ കാടിനെ ഉപേക്ഷിച്ച് ആ
വീട്ടിലെ വളർത്ത് മൃഗമായി ജീവിച്ചു.



സിയാ ഫാത്തിമ എ.കെ 3-A

## രണ്ട് പെൺകുട്ടികൾ




ഒരിടത്ത് രണ്ട് പെൺ കുട്ടികളും ഒരു അച്ഛനും അമ്മയും സന്തോഷത്തോടെ ജീവിച്ചിരുന്നു. ഒരുദിവസം അവരുടെ അമ്മക്ക് ഒരു മാറാരോഗം പിടിപെട്ടു. ആ രോഗം പിടിപെട്ടാൽ അത് ചികിത്സിച്ച് മാറ്റാൻ കഴിയില്ലായിരുന്നു. അങ്ങനെയിരിക്കെ അവരുടെ അമ്മ പെട്ടന്ന് മരണപെട്ടു. അവരുടെ ജീവിതത്തിലെ ഒരു വലിയദുരന്തമായിരുന്നു അത്. തന്റെ രണ്ട് മക്കളെ അമ്മയുടെ കുറവ് അറിയിക്കാതിരിക്കാൻ ഒരുപാട്പാട്പെട്ടു. അങ്ങനെ അവരുടെഅച്ഛൻ രണ്ടാമത് കല്യാണം കഴിക്കാൻ തീരുമാനിച്ചു. അടുത്ത ദിവസം തന്നെ അവരുടെ ജീവിതത്തിലേക്ക് ഒരു രണ്ടാനമ്മ വന്നു. ആ സ്ത്രീ വളരെ ക്രൂരയായിരുന്നു. അവൾക്ക് പെൺകുട്ടികലളെ ഇഷ്ടമില്ലായിരുന്നു. അവൾ ആ രണ്ട് പെൺകുട്ടികളെ അച്ഛനറിയാതെ കാട്ടിൽ കൊണ്ട് പോയി ഉപേക്ഷിക്കാൻ തീരുമാനിച്ചു. ആരും അറിയാതെ പെൺകുട്ടികളെ തെറ്റിദ്ധരിപ്പിച്ച് കാട്ടിൽ കൊണ്ട്പോയി. കുട്ടികളോട് ഇവിടെനിൽക്കാനാവശ്യപ്പെട്ട് അമ്മ വീട്ടിലേക്ക് തിരിച്ച് പോകാനൊരുങ്ങന്നനേരത്ത് ആ സ്ത്രീക്ക്പരിക്ക്പറ്റി അപ്പോൾ ആ കുട്ടികൾ ഓടിവന്ന് തങ്ങളുടെ രണ്ടാനമ്മയെ സുശ്രൂഷിച്ചു. ആ രണ്ട് പെൺ കുട്ടികളുടെ സ്നേഹം മനസിലാക്കി ആ സ്ത്രീ അവരെ നന്നായി നോക്കാൻ ആരംഭിച്ചു.

**ഫാത്തിമാസെന.പി**

# തെച്ചിമരത്തിലെ തേൻകുരുവികൾ



പണ്ട് പണ്ട് അമ്മുക്കുട്ടിയുടെ
വീട്ടിൽ ഒരു
തെച്ചിമരമുണ്ടായികുന്നു.
അങ്ങനെയിരിക്കെ ആ
തെച്ചിമരത്തിൽ രണ്ട്
തേൻകുരുവികൾ വന്ന്
കൂട്കൂട്ടി. ഒരു ദിവസം അച്ഛൻ
കിളിയും അമ്മക്കിളിയും തീറ്റതേടി
പോയി. അപ്പോൾ അമ്മുക്കുട്ടി ആ
തെച്ചിമരത്തിന്റെ അടുത്തേക്ക്
ചെന്ന്നോക്കി. അപ്പോൾ ആ
മരത്തിൽ ചുള്ളിക്കമ്പ്കൊണ്ട്
നിർമ്മിച്ച ഒരു മനോഹരമായ
കൂട്കണ്ടു. അവൾ അതിൽ ഒന്ന്
തൊട്ട്നോക്കി ഹായ്!
എന്തൊരുഭംഗി. അവൾ അത്
അവളുടെ അച്ചനെയും
അമ്മയെയും ചേച്ചിയെയും വിളിച്ച്
കാട്ടിക്കൊടുത്തു.അമ്മക്കിളിയും
അച്ഛൻ കിളിയും തിരിച്ച്
വന്നപ്പോൾ അതാ ആ കൂടിന്റെ
ചുറ്റ്വട്ടവും
ആളുകൾ കൂടിയിരിക്കുന്നു. അവർ
പേടിച്ചുപോയി.അവർ
ഉടനെത്തന്നെ മറ്റൊരു
തെച്ചിമരത്തിലേക്ക് താമസം
മാറ്റി.ആ മരത്തിൽ
അവർ മറ്റൊരു കൂട് നിർമ്മിച്ച്
അതിൽ അമ്മക്കിളിമുട്ടയിട്ടുഅച്ഛൻ
കിളി
തീറ്റതേടിപ്പോകുന്ന സമയം
അമ്മക്കിളി മുട്ടക്ക്അടയിരിക്കും.
അങ്ങനെയിരക്കെ ആ മുട്ട
വിരിഞ്ഞ് കുട്ടികളുണ്ടായ ശേഷം
അവർ
സന്തോഷത്തോടെ ജീവിച്ചു.

**സ്വാദിക.എം**

# കൂട്ടുകാർ



പണ്ട് പണ്ട് ഒരു കാട്ടിൽ
സിംഹവും കടുവയും ആനയും
ജീവിച്ചിരുന്നു. അവർ നല്ല
കൂട്ടുകാരായിരുന്നു.ഒരു ദിവസം
അവർ
ഉത്സവം കാണാനായി കാട്ടിലെ
ഒരു അമ്പലത്തിലേക്ക്
പോയി.അവിടെ നിരവധി
ആളുകൾ ഉത്സവം കാണാനായി
എത്തിയിരുന്നു.
അതിമനോഹരമായ ഒരുപാട്
കാഴ്ച്ചകളും വിനോദത്തിന്
വേണ്ടിയുള്ള ഒരുപാട്
യന്ത്രങ്ങളും അവിടെ
ഉണ്ടായിരുന്നു. സിംഹവും
കടുവയും ആനയും അതിലെല്ലാം
കയറി ഉല്ലസിച്ച്
നടക്കുകയായിരുന്നു.
കുറേനേരമായിട്ടും അവർക്ക്
ഒരു കുലുക്കവും ഇല്ല .തങ്ങൾ
വന്നിട്ട് ഒരുപാട്നേരമായി എന്ന്
മനസിലാക്കിയ ആന ഇവരോട്
ഇക്കാര്യം സൂചിപ്പിച്ചു.എന്നിട്ടും
അവർ ഒരു കലുക്കവും
ഉണ്ടായില്ല. വിശന്ന്
വലഞ്ഞശേഷമാണ്
അവർക്ക് പോകേണ്ടവിചാരം
ഓർമ്മവന്നത്.അങ്ങനെ അവർ
ഭക്ഷണം കഴിച്ച ശേഷവും
സിംഹവും കടുവയും
പൂരപ്പറമ്പലേക്ക് കളിക്കാനായി
പോയി ആന അവരോട് നിരസിച്ച്
കാട്ടിലേക്ക്
പോയി.ആർത്തിമൂത്ത
സിംഹവും കടുവയും ഒരു
യന്ത്രത്തിൽ നിന്ന് വീണ്
പരിക്കേറ്റു.

ഗയ ഫാത്തിമ . ടി
3-A

# ബുദ്ധിമാനായ കാട്ട്പോത്ത്

പണ്ട് പണ്ട് ഒരു കാട്ടിൽ കുറേ കാട്ട്പോത്തുകൾ ജീവിച്ചിരുന്നു. ആ കാട്ടിൽ ഒരു ക്രൂരനായ സിംഹവും അവന്റെ സഹായിയായ കുരങ്ങനും ജീവിച്ചിരുന്നു . ഒരു ദിവസം വിശാലമായ മൈതാനത്തിൽ മേയുകയായിരുന്ന കാട്ട്പോത്തുകളോട് ആ കുരങ്ങൻ വന്ന് അവരോട് പറഞ്ഞു ഇതിനേക്കാൾ പുല്ലുള്ള മറ്റൊരുമൈതാനം ഞാൻ നിങ്ങൾക്ക് വേണ്ടി ഞാൻ കാട്ടിത്തരാം എന്ന് . ഇത് വിശ്വസിച്ച കാട്ട്പോത്തുകൾ ആദ്യം ഒരുകാട്ട്പോത്തിനെ കുരങ്ങന്റെ ഒപ്പം അയച്ചു. ആ കുരങ്ങൻ പോത്തിനെ സിംഹമടയിലേക്ക് കൊണ്ട്പോയി സിംഹം അതിനെ ഭക്ഷിക്കുകയും ചെയ്തു. വീണ്ടും കുരങ്ങൻ ആ കാട്ടുപോത്തുകളുടെ അടുത്ത് വന്ന് അവരോട് പറഞ്ഞു നിങ്ങളുടെ കൂട്ട്കാരന് അവിടെ പരമസുഖമാണ് അവൻ നിങ്ങളെ ഓരോരുത്തരേയായി അങ്ങോട്ട് കൊണ്ട് ചെല്ലാൻ പറഞ്ഞു. ഇത് വിശ്വസിച്ചപോത്തുകൾ ഓരോരുത്തരായി കുരങ്ങന്റെ ഒപ്പം പോയി അവരെ ഓരോരുത്തരേയും സിംഹം ഭക്ഷിക്കുകയും ചയ്തു. ഒടുവിൽ അവസാനത്തെ പോത്ത് കുരങ്ങന്റെകൂടെ പോയി.ചതി മനസിലാക്കിയ പോത്ത് കുരങ്ങനെയും സിംഹത്തേയും തന്റെ കൊമ്പ് കൊണ്ട് ഇടിച്ച് തെറിപ്പിച്ച് കാട്ടിനകത്തേക്ക് ഓടി മറ്റ് പോത്ത്കളുടെ കൂട്ടത്തിൽ ചേർന്നു. ഈസംഭവത്തിന് ശേഷം കുരങ്ങനുംസിംഹവും മറ്റുള്ളവരെ ചതിക്കുന്നത് അവസാനിച്ചു.

രഞ്ജിത്ത്.വി
IX-B




ഒരുദിവസം കുറുക്കൻ കാട്ടിലൂടെ തീറ്റതേടി പുറത്ത് പോയപ്പോൾ ആകാശത്തിലൂടെ ഒരു പരുന്ത് പറന്ന് പോകുന്നത് കുറുക്കൻ കണ്ടു.ആ പരുന്ത് ഒരുകോഴിയെ പിടിക്കാൻ തയ്യാറായി നിൽക്കുകയാണെന്ന് കുറുക്കൻ കരുതി. ശേഷം കുറുക്കൻ തന്റെ യാത്ര തുടർന്നപ്പോൾ ഒരു വിടു കണ്ടു. ആ വീട്ടിലെ കോഴിക്കൂട്ടിൽ നിറയെ കോഴികളുണ്ടായിരുന്നു. കൂടാതെ ആ വീടിന്റെ മുറ്റത്തു നിറയെ കോഴികളും കോഴികുട്ടികളും അരി തിന്നുന്നുണ്ടായിരയുന്നു. അത് കണ്ട് കുറുക്കന്റെ വായയിൽ വെള്ളംവരുന്നുണ്ടായിരുന്നു. കുറുക്കൻ പരിസരത്ത്ആരെങ്കിലുംഉണ്ടോഎന്ന് പരിശോധിക്കാൻ തുടങ്ങി

.ആരുംഇല്ലാഎന്ന്കണ്ടകുറുക്കൻ അതിലെ ഒരുകോഴിക്കുട്ടിയെ പിടിച്ച് കാട്ടിനകത്തേക്ക് ഓടി. ബാക്കിയുള്ള കോഴിയമ്മയെു കുഞ്ഞുങ്ങളും കുറുക്കന്റെ പിന്നാലെഓടി. ഇത് കണ്ട പരുന്ത് ബാക്കിയുള്ള കോഴിക്കുട്ടികളെ പിടിക്കാനായി താഴെ ഇറങ്ങി.കാട്ടിൽ ഒറ്റപ്പെട്ട കോഴിയെയും കുഞ്ഞുങ്ങളെയും കണ്ട പരുന്ത് എല്ലാ കുഞ്ഞുങ്ങളെയും ഭക്ഷിച്ചു. ഒറ്റപ്പെട്ടകോഴിയമ്മ കാട്ടിനകത്ത് വന്യമൃഗത്തിന്റെ ഇരയായി.

മുഹമ്മദ് അൻസിൽ.സി

## അണ്ണാറക്കണ്ണനും തെങ്ങും

ഒരിക്കൽ ഒരിടത്ത് നല്ല വണ്ണവും ഉയരവമുള്ള ഒരു തെങ്ങ് ഉണ്ടായിരുന്നു .അവൻ വളരെ ദേഷ്യക്കാരനായിരുന്നു .കുട്ടികൾ കളിക്കുമ്പോൾ തന്റെ ദേഹത്ത് തട്ടാൻ പാടില്ല .തെങ്ങ് തന്റ ശക്തിയിൽ അഹങ്കരച്ചിരുന്നു . തെങ്ങിന് ഒരോയൊരു കൂട്ടുകാരനെയുണ്ടായിരുന്നൊള്ളു . അത് ഒരു അണ്ണാറക്കണ്ണനായുരുന്നു . അവന്റ താമസ്സം തെങ്ങിന്റെ മുകളിലായിരുന്നു . ഒരിക്കൽ ഒരുകുട്ടി തെങ്ങിനോട് പറഞ്ഞു . തെങ്ങേ നീ നിന്റെ മുകളിൽ അണ്ണാറക്കണ്ണനെ താമസിക്കാൻ സമ്മതിക്കുന്നു.എന്നാൽ എന്റെ പന്ത് ഒന്ന് തട്ടിയാൽ നീ ദേഷ്യപ്പെടും .ഇത് കേട്ട അണ്ണാറക്കണ്ണൻ തെങ്ങിനോട് പിണങ്ങി .പിറ്റേ ദവസം തന്നെ മുറിക്കാൻ എത്തിയ മരംവെട്ടുക്കാരനെ കണ്ട തെങ്ങ് പേടിച്ചു കരഞ്ഞു . അവൻ ഓർത്തു മരംവെട്ടുക്കാരനിൽ നിന്നും അവനെ രക്ഷിച്ചത് അണ്ണാറക്കണ്ണനായുരുന്നു . തെങ്ങ് വിണ്ടും  കരഞ്ഞു . തെങ്ങിന്റെ കരച്ചിൽ കേട്ട് സങ്കടം തോന്നിയ മരംവെട്ടുക്കാരൻ തിരിച്ചുപോയി . അതോടെ തെങ്ങിന്റെ ദേഷ്യംവും പോയി

– രോഹിത് എ പി



# അത്യാഗ്രഹിയായ സിംഹം

പണ്ട് പണ്ട് ഒരു സിംഹം ഉണ്ടായിരുന്നു. ആ രാജാ അത്യാഗ്രഹിയായ സിംഹം

പണ്ട് പണ്ട് ഒരു സിംഹം ഉണ്ടായിരുന്നു. ആ രാജാവ് സിംഹം ആയിരുന്നു. ആ രാജാവ് താമസിക്കുന്നത് ഗുഹയിൽ ആയിരുന്നു. രാജാവിന്റെ മന്ത്രി ചെന്നായക്കൾ ആയിരുന്നു. രാജാവ് പറയുന്ന കാര്യങ്ങൾ ചെയ്തില്ലെങ്കിൽ രാജാവ് അവരെ ഭക്ഷണമായക്കി മറ്റും. ഒരു ദിവസം മന്ത്രി വരാൻ താമസിച്ചത് കാരണം. രാജാവ് അവരെ കാണൻ വിട്ടീലേക്ക്പോയി. പോവുന്നവഴിൽ ഒരു കിണർ കണ്ടു. രാജാവ് അതിന്റെ മുകളിൽനിന്ന് താഴത്തേക്ക് നോക്കിയപ്പോൾ അതെ മുഖഛായമുള്ള ഒരു സിംഹത്തെ കണ്ടു. അപ്പോൾ രാജാവ് ചിന്തിച്ച എന്നെപ്പോലെ മറ്റോരു രാജാവോ. അത്പാടില്ല.രാജാവ് ആ സിംഹത്തെ വധിക്കാനായി എടുത്തുചാടി. അങ്ങനെ അഹങ്കാരിയായ രാജാവ് മരണപ്പെട്ടു അങ്ങനെ ആ കാട്ടിലെ രാജാവ് അത്യാഗ്രത്തിന്റെ ഫലം അനുഭിച്ച.

ഫത്തിമ റഷ.എം 3.A



# പാണ്ടകളും മന്ത്രവാതിയും

ഒരു കാട്ടിലെ പാണ്ടകളുടെ നേതാവായിരുന്നു ഷാൻ . ഷാൻ വളരെ ബുദ്ധിമാനായിരുന്നു . അവനും സംഘവും താമസിച്ചിരുന്നത് ഷുങ്ഫു എന്ന ഒരു മലയിലാണ്. ആ മലയിൽ മന്ത്രവിദ്യചെയ്താൽ ചെയ്തവൻ ഒരു മൺ ശിലയാവും. അ - തു കൊണ്ട തന്നെ ഷാനും സംഘവും അവിടെ സുരക്ഷിതരായിരുന്നു . ഒരിക്കൽ ഷിൻ എന്ന ഒരു ദുർമന്ത്രവാദി ഈ പാണ്ടകളെ അടിമകളാക്കി അവരുടെ ആ കുന്നിനെ സ്വന്തമാക്കാൻ തിരുമാനിച്ച . കാരണം അവിടെ മന്ത്രനവിദ്യകളൊന്നും തന്നെ ഫലിക്കില്ല , അതിനാൽ അവനെ ആർക്കും തന്നെ കിഴ്പെടുത്തുക അസാധ്യം . ദുർമന്ത്രവാദി അപ്പോൾ തന്നെ ഷുങ്ഫുകുന്നിലേക്ക് യാത്ര തിരിച്ച . അവിടെയെത്തിയ ഷിൻ പാണ്ടകളുടെ നേതാവായ ഷനിനെ കണ്ട . ഷിൻ ഷനിനോട് പറഞ്ഞു ''പാണ്ടകളുചങ്ങാതി ഞാൻ ഒരു മന്ത്രവാദിയാണ്, താങ്കൾ എന്റെ കൂടെ നിന്നാൽ നമുക്ക് ഒരുമിച്ച് ഈ ഷുങ്ഫുകുന്നിനെയും മറ്റു പാണ്ടകളെയും അടിമകളാക്കി സന്തോഷത്തോടെ ജിവിക്കാ'' . ദുർമന്ത്രവാദി ഷിന്നിന്റെ ചതിമനസ്സിലാക്കിയ ഷാൻ അവനെ സൂത്രത്തിൽ കീഴ്പ്പെടുത്താൻ തീരുമാനിച്ച . എന്നിട്ട് ഷാൻ പറഞ്ഞു ''ശരി , പക്ഷെ , നിന്നെ കാണാൻ പാണ്ടകളെ പോലെയല്ല . പാണ്ടകളുടെ കണ്ണിന്റെ ചുറ്റും കറുത്ത നിറമുണ്ടാവും . അതിനു വേണ്ടി ഈ കറുത്തമണ്ണ് നിന്റെ കണ്ണിന്റെ ചുറ്റും പുരട്ടുക ''. ശരി അതിന് മുൻപ് നി പാണ്ടകളെ കുന്നിന് പുറത്തിറക്കണം . എന്നാലെ എനിക്ക് മന്ത്രവിദ്യ ചെയ്ത് അവനെ അടിമകളാക്കിൻ പറ്റൂ . ഷിൻ പറഞ്ഞു . ഇനി ഈ പൊടി കണ്ണിന്റെ ചുറ്റും പുരട്ടുക . ഷാൻ പറഞ്ഞതു പോലെ ഷിൻ പൊടി ഇനി ഈ പൊടി കണ്ണിന്റെ ചുറ്റും പുരട്ടി . അതോടെ ഷിന്നിന്റെ കണ്ണ് എരിയാൻ തുടങ്ങി . ആ സമയം ഷാൻ ഷിന്നിനെ സൂത്രത്തിൽ ഒരു കിണറിലേക്ക് തള്ളി വിട്ട . ഷാൻ തന്നെ ചതിച്ചതാണെന്ന് ഷിന്നിന് മനസ്സിലായി . ഷിൻ ഒന്നുമാലോചിക്കാതെ മന്ത്രം ചൊല്ലി . അതോടെ അവൻ ഒരു മൺശില്പ്പമായി കിണറിലേവെള്ളത്തിൽ അലിഞ്ഞുപോയി

അഖിൽ കൃഷ്ണ . പി

9 - B